# സമഗ്ര ശിക്ഷ, കേരളം



# വാർഷിക മൂല്യനിർണയം 2018-19

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 6 — സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം 1**

*** ഇന്ത്യയിൽ ഇന്ന് കാണുന്ന നിർമാണ രീതി വിവിധഘട്ടങ്ങളിലൂടെ വികാസം പ്രാപിച്ചതാണ്.**

എ) മധ്യകാലഘട്ടത്തിലെ രണ്ട് നിർമിതികളാണ് താഴെ തന്നിട്ടുള്ളത്. ഓരോന്നിന്റെയും രണ്ട് സവിശേഷതകൾ വീതം എഴുതുക.

a) 

- തമിഴ്നാട്ടിലെ തഞ്ചാവൂരിൽ
- ..............................
- ..............................

b) 

- ..............................
- ..............................

ബി) പല്ലവ രാജാവായ നരസിംഹവർമ്മന്റെ കാലത്ത് ഒറ്റക്കല്ലിൽ നിർമിച്ച ക്ഷേത്രങ്ങൾ ഏത് പേരിൽ അറിയപ്പെടുന്നു?

**പ്രവർത്തനം 2**

*** പരമ്പരാഗത ഗ്രാമവാസികൾ പൊതുവെ ലളിത ജീവിതം നയിക്കുന്നവരാണ്. കൃഷിയിൽ അധിഷ്ഠിതമായ ജീവിതരീതി, കൈത്തൊഴിലുകൾ, കന്നുകാലി വളർത്തൽ, കരകൗശല വസ്തു നിർമാണം എന്നിവ ഗ്രാമസമൂഹത്തിന്റെ പ്രത്യേകതയാണ്. എന്നാൽ, ഇന്നത്തെ ഗ്രാമത്തിന്റെ അവസ്ഥ മാറിയിരിക്കുന്നു.**

എ) പരമ്പരാഗത ഗ്രാമങ്ങളിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് ഇന്നത്തെ ഗ്രാമങ്ങളിൽ നിങ്ങൾക്ക് കാണാൻ കഴിയുക? (കുറഞ്ഞത് 5 മാറ്റങ്ങളെങ്കിലും സൂചിപ്പിക്കണം)

**പ്രവർത്തനം 3**

*** വൈജ്ഞാനിക രംഗത്തും, ഭാഷയിലും വർദ്ധിച്ച പുരോഗതിയുണ്ടായ കാലഘട്ടമായിരുന്നു മധ്യകാലകേരളം. ജ്യോതിശാസ്ത്രം, ആയുർവേദം തുടങ്ങിയ മേഖലകളിൽ ലോകം ശ്രദ്ധിക്കുന്ന സംഭാവനകളുണ്ടായി.**

എ) മധ്യകാലകേരളത്തിൽ ഭാഷയിലും വൈജ്ഞാനിക രംഗത്തും ഉണ്ടായ പുരോഗതിയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

ബി) മധ്യകാല കേരളത്തിലെ വിദ്യാകേന്ദ്രങ്ങൾ ഏതു പേരിലാണ് അറിയപ്പെട്ടത്?

a) മഠങ്ങൾ b) ശാലകൾ c) അക്കാദമികൾ d) വിഹാരങ്ങൾ

**പ്രവർത്തനം 4**

ജനാഭിപ്രായം മാനിക്കുന്നു.

ഭരണാധികാരികളും ജനങ്ങളും ഒരേ നിയമത്തിന് വിധേയമാണ്

എ) എന്താണ് ജനാധിപത്യ ഗവൺമെന്റ് ?

ബി) മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ വായിച്ച് ജനാധിപത്യ ഗവൺമെന്റിന്റെ മറ്റ് മേന്മകൾ കുറിക്കുക..

**പ്രവർത്തനം 5**

എ) വിദ്യാഭ്യാസം കുട്ടിയുടെ പ്രധാന അവകാശമാണ്. മറ്റെന്തെല്ലാം അവകാശങ്ങളാണ് കുട്ടികൾക്ക് ലഭ്യമാക്കേണ്ടത്? പട്ടികപ്പെടുത്തുക.

ബി) ബാലവേലക്കെതിരെ പോരാടിയതിന് നോബൽ സമ്മാനം ലഭിച്ച ഇന്ത്യക്കാരൻ ആര് ?

**പ്രവർത്തനം 6**

*** വിഭവശോഷണത്തെക്കുറിച്ചും അതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുന്നതിനുതകുന്ന ഒരു പോസ്റ്റർ തയാറാക്കുക.**

**പ്രവർത്തനം 7**

എ) കർഷകദിനവുമായി ബന്ധപ്പെട്ട് ക്ലാസിൽ ഒരു പഴഞ്ചൊല്ലു ശേഖരണ മത്സരം നടത്താൻ തീരുമാനിച്ചു. അതിലേയ്ക്കാവശ്യമായ 2 പഴഞ്ചൊല്ലുകൾ എഴുതുക ?

1) —

2) —

ബി) കേരളത്തിലെ എല്ലാ ജില്ലകൾക്കും ബാധകമായ ഭൂപ്രകൃതി വിഭാഗം ഏത് ?

സി) വയനാട് ജില്ല ഏതു ഭൂപ്രകൃതി വിഭാഗത്തിലാണ് വരുന്നത്?

ഡി) ആലപ്പുഴ ജില്ലയുടെ ഭൂരിഭാഗം പ്രദേശവും ഏത് ഭൂപ്രകൃതി വിഭാഗത്തിലാണ്?

പ്രവർത്തനം 8

*** താഴെ നൽകിയിരിക്കുന്ന ലോകത്തിന്റെ രൂപരേഖ നിരീക്ഷിച്ച് തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം കുറിക്കുക**




എ) ഭൂമധ്യരേഖ കടന്നു പോവുന്ന വൻകരകൾ ഏതെല്ലാം ?

ബി) ദക്ഷിണാർധഗോളത്തിൽ സ്ഥിതി ചെയ്യുന്ന ജനവാസയോഗ്യമല്ലാത്ത വൻകര ഏതാണ് ?

സി) ഇന്ത്യയിലൂടെ പോവുന്ന പ്രധാന അക്ഷാംശ രേഖ ഏതാണ്?

പ്രവർത്തനം - 10

(അടയാളപ്പെടുത്തിയ ഭൂപടം ഉത്തരക്കടലാസിനോടൊപ്പം നല്കുക)

